"ഭരണഭാഷ – മാതൃഭാഷ"

നം. DWCD/3196/2025-A2

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 17-03-2026
Emailfowcdkerala@gmail.com
Phone - 0471 – 2346534

**പരിപത്രം**

വിഷയം: വനിത ശിശുവികസന വകുപ്പ്-ഡയറക്ടറേറ്റ്- Online Reconciliation അടിയന്തിരമായി പൂർത്തിയാക്കുന്നത്-സംബന്ധിച്ച്:

സൂചന: ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 21/02/2026 ലെ 3053401-IW-K1/4/2024-FIN നമ്പർ കത്ത്.

വനിത ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ചെലവുകളുടെ Online Reconciliation അടിയന്തിരമായി പൂർത്തിയാക്കണമെന്ന് സൂചന കത്ത് പ്രകാരം സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ Online Reconciliation അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ചുവടെചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കാര്യാലയ മേധാവികൾ 2025-26 സാമ്പത്തിക വർഷം KSEMP Portal ൽ അക്കൗണ്ടന്റ് ജനറൽ upload ചെയ്തിട്ടുള്ള വിശദാംശങ്ങൾ പരിശോധിച്ച്, നാളിതുവരെ അതാത് കാര്യാലയങ്ങളിൽ നടത്തിയിട്ടുള്ള ചെലവുകളിന്മേലുള്ള Online Reconciliation നടപടി അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.
2. അക്കൗണ്ടന്റ് ജനറൽ KSEMP പോർട്ടലിൽ upload ചെയ്തിട്ടുള്ള ചെലവ് സംബന്ധമായ വിശദാംശങ്ങൾ അതാതു കാര്യാലയങ്ങളിൽ ജനറേറ്റ് ചെയ്തിട്ടുള്ള ബില്ലിലെ വിശദാംശങ്ങളും തമ്മിൽ ഒത്തുനോക്കി പൊരുത്തക്കേടുകൾ കാണുന്ന പക്ഷം ഈ കാര്യാലയത്തിലെ fowcdkerala@gmail.com എന്ന വിലാസത്തിൽ മെയിൽ അറിയിക്കേണ്ടതാണ് .
3. തുടർന്നുള്ള മാസങ്ങളിൽ അക്കൗണ്ടന്റ് ജനറൽ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ KSEMP പോർട്ടലിൽ upload ചെയ്ത് കഴിഞ്ഞു 10 ദിവസത്തിനുള്ളിൽ അതാതു കാര്യാലയങ്ങളിലെ ബില്ലുകൾ പരിശോധിച്ച് Reconciliation നടത്തേണ്ടതാണ്. ഇക്കാര്യം കാര്യാലയ മേധാവികൾ വ്യക്തിപരമായി തന്നെ ഉറപ്പ് വരുത്തേണ്ടതുമാണ്.
4. ജില്ലാ വനിത ശിശുവികസന ഓഫീസറുടെ Monthly മീറ്റിംഗുകളിൽ Online Reconciliation ഒരു അജണ്ടയായി ഉൾപ്പെടുത്തേണ്ടതും, കീഴ്കാര്യാലങ്ങളിൽ Online Reconciliation ചെയ്യുന്നതിന് pending ഉള്ളവ പൂർത്തിയാക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകേണ്ടതുമാണ്.

BINDU GOPINATH

വനിത ശിശുവികസന ഡയറക്ടർ(i/c)

1) എല്ലാ ജില്ലാ വനിത ശിശുവികന ആഫീസമാർക്കും

2) എല്ലാ കാര്യാലയമേധാവിമാർക്കും

Digitally signed by
BINDU GOPINATH
Date: 17-03-2026
11:57:43